**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **05-12-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തത്വത്തിൽ സർക്കാർ അംഗീകാരം ലഭ്യമായിട്ടുള്ളതുമായ നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് താൽക്കാലിക കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | 18.02.2021 ലെ 51/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം അംഗീകാരം നല്കിയിട്ടുള്ള നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് താൽക്കാലിക സൗകര്യം /സ്ഥിര സൗകര്യം ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ; | (സി) | കവളങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി താൽക്കാലികമായി വാടക രഹിതമായി വിട്ടു നൽകുന്നതിന് തയ്യാറാണെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചതിനെത്തുടർന്ന് നിലയത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് അധികൃതർക്ക് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതും നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും മറ്റ് ഫയർ സ്റ്റേഷനുകളിൽ നിന്നും വളരെ ദൂരെ എന്നതും അതോടൊപ്പം, മണ്ണിടിച്ചിൽ അടക്കമുള്ള പ്രകൃതിദുരന്തങ്ങൾ അനുഭവപ്പെടുന്ന മേഖല എന്ന നിലയിലും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കണക്കിലെടുത്ത് നേര്യമംഗലം ഫയർ സ്റ്റേഷൻ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ